CCM(10) 2015-16

**വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 08.07.2015-ലെ യോഗ നടപടിക്കുറിപ്പ്**

യോഗം ഉച്ചയ്ക്ക്ശേഷം 3.30-ന് ബഹു. പഞ്ചായത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നിയമസഭാ മന്ദിരത്തിലെ 624-ാം നമ്പർ ഹാളിൽ ആരംഭിച്ചു. നഗരകാര്യ വകുപ്പു മന്ത്രിയും സന്നിഹിതനായിരുന്നു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 01.07.2015-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.
2. **പൊതുവിഷയങ്ങൾ**

**2.1** 2015-16 സാമ്പത്തിക വർഷ പദ്ധതിയിൽ 1180 തദ്ദേശഭരണസ്ഥാപനങ്ങൾ ആകെ 11001.96 കോടി രൂപയുടെ പ്രോജക്ടുകൾക്ക് ഡി.പി.സി.യുടെ അംഗീകാരം നേടിയതായി യോഗം നിരീക്ഷിച്ചു. ഇതിൽ 973 ഗ്രാമപഞ്ചായത്തുകൾ 6598.15 കോടി രൂപയുടെ പ്രോജക്ടുകൾക്കും, 140 ബ്ലോക്ക് പഞ്ചായത്തുകൾ 1635.49 കോടി രൂപയുടെയും, 11 ജില്ലാ പഞ്ചായത്തുകൾ 1348.77 കോടി രൂപയുടെയും, 54 മുനിസിപ്പാലിറ്റികൾ 1104.56 കോടി രൂപയുടെയും രണ്ട് മുനിസിപ്പൽ കോർപ്പറേഷനുകൾ 314.96 കോടി രൂപയുടെയും പ്രോജക്ടുകൾക്കാണ് അംഗീകാരം നേടിയത്.

**2.2** ഇ- ടെണ്ടറുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതി കേസിലെ പരാതിക്കാരനെ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേൾക്കുന്നതിന് കോഓഡിനേഷൻ കമ്മിറ്റി 17.06.2015-ലെ യോഗത്തിൽ ഒരു സബ്കമ്മിറ്റി രൂപീകരിച്ചിരുന്നു. wp(c) No.15444/2015E കേസിലെ പരാതിക്കാരനെ 19.06.2015-ൽ കേൾക്കാൻ സബ് കമ്മിറ്റി നോട്ടീസ് നൽകി കാത്തിരുന്നെങ്കിലും പരാതിക്കാരൻ ഹാജരായിരുന്നില്ല. അതിനാൽ സബ്കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് 24.06.2015 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ ചില തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിരുന്നതാണ്. എന്നാൽ 24.06.2015ൽ തന്നെ ബഹു. കേരള ഹൈക്കോടതി രണ്ട് ഉത്തരവുകൾ പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ wp(c) No.15444/2015, wp(c) No.18954/2015 എന്നീ രണ്ടു കേസുകളിലെയും പരാതിക്കാരെ 07.07.2015-ൽ കേൾക്കുന്നതിന് കോഓർഡിനേഷൻ കമ്മിറ്റിയോഗം സബ്കമ്മിറ്റിയെ നിയോഗിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി പരാതിക്കാരെ കേട്ടശേഷം സമർപ്പിച്ച റിപ്പോർട്ട് യോഗത്തിൽ ചർച്ച ചെയ്തു. യോഗം നടന്നുകൊണ്ടിരിക്കെതന്നെ സീനിയർ ഗവ. പ്ലീഡറിൽ നിന്നു ലഭിച്ച ഒരു ഫാക്സ് സന്ദേശവും യോഗത്തിൽ ചർച്ച ചെയ്തു. wp(c) No.20172/2015 കേസിൽ ബഹു കേരള ഹൈക്കോടതി 06.07.2015-ൽ ഒരു ഇടക്കാല സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെന്നും , ഇന്നേ ദിവസം (08.07.2015) wp(c) No.15444/2015, wp(c) No.15630/2015 എന്നീ കേസുകൾ പരിഗണനയ്ക്ക് വന്നപ്പോൾ ആ സ്റ്റേ ഉത്തരവിന്റെ കാര്യവും ബഹു. ഹൈക്കോടതിയുടെ ഓർമ്മയിൽ വരികയും ഇന്നത്തെ കോഓർഡിനേഷൻ കമ്മിറ്റിയോഗത്തിൽ തീരുമാനം കൈക്കൊള്ളുന്നതിന് സർക്കാരിനെ അനുവദിക്കുകയും ചെയ്യുന്നു എന്നതായിരുന്നു ഫാക്സ് സന്ദേശത്തിന്റെ ഉള്ളടക്കം. അതിന്റെ അടിസ്ഥാനത്തിൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ 24.06.2015-ലെ താഴെപ്പറയുന്ന തീരുമാനങ്ങൾ അതേപടി അംഗീകരിക്കാൻ യോഗം തീരുമാനിച്ചു.

1) തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഇ-ടെണ്ടറിംഗ് നടപ്പാക്കുന്നത് സംബന്ധിച്ച് കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 13.05.2015-ലെ തീരുമാനപ്രകാരം രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് അംഗീകരിക്കാവുന്നതാണ്.
2) എന്നാൽ ഇടുക്കി ജില്ല പോലുള്ള പിന്നാക്ക പ്രദേശങ്ങളിൽ ഇ-ടെണ്ടർ പൂർണ്ണമായി നടപ്പാക്കുന്നതിന് ബുദ്ധിമുട്ടുണ്ടെന്ന് മനസ്സിലാക്കിയ സാഹചര്യത്തിലും 2015-16 പദ്ധതി രൂപീകരണം ഭൂരിഭാഗം തദ്ദേശഭരണ സ്ഥാപനങ്ങളും പൂർത്തീകരിച്ച സാഹചര്യത്തിലും ഇ-ടെണ്ടർ പൂർണ്ണമായി നടപ്പിലാക്കുന്നത് പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്ന് കമ്മിറ്റി വിലയിരുത്തി.
3) ഈ സാഹചര്യത്തിൽ 2015-16 വർഷത്തിൽ ഇ-ടെണ്ടർ നടത്താൻ ബുദ്ധിമുട്ടുണ്ടെന്ന് ഭരണ സമിതി തീരുമാനമെടുക്കുന്ന സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മുൻവർഷത്തെപ്പോലെ 15 ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾ ഗുണഭോക്തൃ കമ്മിറ്റി മുഖേന നടപ്പിലാക്കുന്നതിന് അനുമതി നൽകി.
4) 2015-16 -ലെ പദ്ധതികൾക്ക് ഡി.പി.സി. അനുമതി ലഭിച്ച തദ്ദേശഭരണ സ്ഥാപനങ്ങൾ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട് ഇനി മാറ്റം വരുത്തേണ്ടതില്ല.
5) 2016-07 സാമ്പത്തിക വർഷം മുതൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും 5 ലക്ഷം രൂപയോ അതിനു മുകളിലോ ഉള്ള പ്രവൃത്തികൾ ഇ-ടെണ്ടർ മുഖേന നടപ്പാക്കേണ്ടതാണ്. കോഓർഡിനേഷൻ കമ്മിറ്റി പ്രസ്തുത ശുപാർശകൾ ചർച്ച ചെയ്ത് അംഗീകരിച്ചു.

**2.3** പ്രകൃതിക്ഷോഭം നിമിത്തമുള്ള പ്രത്യേക സാഹചര്യങ്ങളിലും ഏതെങ്കിലും പ്രോജക്ടിന്റെ പൂർത്തീകരണം നിമിത്തം ഫണ്ടിൽ മിച്ചം (സേവിംഗ്സ്) വരുമ്പോഴോ അല്ലാതെ തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ ഭേദഗതി ചെയ്യാൻ പാടില്ല എന്ന് യോഗം തീരുമാനിച്ചു.

**2.4** തദ്ദേശഭരണ സ്ഥാപനങ്ങൾ തങ്ങളുടെ 20 വർഷത്തെ വികേന്ദ്രീകൃതാസൂത്രണ പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ നടത്തുന്നതിന് വേണ്ടി വരുന്ന തുക 110000 രൂപയായി നിശ്ചയിച്ചത് പ്ലാൻഫണ്ട്/തനത് ഫണ്ടിൽ നിന്ന് വിനിയോഗിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

**3 പ്രത്യേക വിഷയങ്ങൾ**

**3.1 ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. ഡി.ഡി.2/243/15)**

പട്ടികജാതി വിദ്യാർത്ഥികൾക്ക് എസ്.സി.പി. ഫണ്ടുപയോഗിച്ച് സൈക്കിൾ വിതരണം ചെയ്യുന്ന പദ്ധതി സുതാര്യമായ നടപടിക്രമം പാലിച്ചും ഇരട്ടിപ്പ് ഒഴിവാക്കിയും നടപ്പിലാക്കാൻ അനുവദിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 കോതമംഗലം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. ഡി.ഡി2/243/15)**

2010-11-ൽ ഫണ്ട് അനുവദിച്ച റോഡ് പുനരുദ്ധാരണ പദ്ധതിയിൽ മിച്ചം വന്ന തുക ഉപയോഗിച്ച് സർക്കാർ മാനദണ്ഡങ്ങൾക്ക് വിധേയമായി പുതിയ പ്രവൃത്തി ഏറ്റെടുക്കാൻ അനുവദിച്ച് 01.07.2015-ൽ തീരുമാനമെടുത്തിട്ടുള്ളതായി യോഗം നിരീക്ഷിച്ചു. ഇപ്രകാരം ഫണ്ട് ഉപയോഗിക്കാത്ത ബ്ലോക്ക് പഞ്ചായത്തുകൾ ഫണ്ട് സർക്കാരിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്. 2015-16 സാമ്പത്തിക വർഷത്തിനകം മിച്ചമുള്ള തുക ഉപയോഗിച്ച് പണി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകാൻ ഗ്രാമവികസന കമ്മീഷണറെ യോഗം ചുമതലപ്പെടുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 തേവലക്കര ഗ്രാമ പഞ്ചായത്ത് (ഫയൽ നം. ഡി.ബി3/304/15)**

പാലയേറ്റീവ് കെയറിന്റെ മാർഗരേഖ സംബന്ധിച്ച് പ്ലാനിംഗ് ബോർഡ് മെമ്പർ ശ്രീ.സി.പി.ജോൺ, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, ഡോ.സുരേഷ് എന്നിവരെ ഉൾപ്പെടുത്തി തിരുവനന്തപുരത്ത് ഒരു വർക്ക്ഷോപ്പ് നടത്തി എത്രയും പെട്ടന്ന് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. ഡി.ഡി2/237/15)**

**(ബഹു. ഊർജ്ജ മന്ത്രിയുടെ കുറിപ്പു സഹിതം)**

ചുങ്കത്തറ. സി.എച്ച്.സി.യിലെ സമഗ്ര മാതൃ-ശിശു സംരക്ഷണ കേന്ദ്രത്തിന്റെ നിർമ്മാണത്തിന് മാന്വൽ ടെണ്ടർ നടത്തിയത് കോഓർഡിനേഷൻ കമ്മിറ്റിയുടെ 03.012.2014-ലെ യോഗ തീരുമാനങ്ങൾ പാലിച്ചിട്ടാണെങ്കിൽ പ്രത്യേക അനുമതിയോ സാധൂകരണമോ ആവശ്യമില്ലെന്ന് യോഗം നിരീക്ഷിച്ചു. എന്നാൽ പുതിയ നിർമ്മാണത്തിന് 43.15 ലക്ഷം രൂപ മെയിന്റനൻസ് ഗ്രാന്റ് ഉൾപ്പെടുത്തിയത് അംഗീക്കാനാവില്ലെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 രാമമംഗലം ഗ്രാമ പഞ്ചായത്ത് (ഫയൽ നം. ഡി.ഡി2/325/15)**

പച്ചക്കറിതൈകളുടെ ഉത്പാദനവും വിതരണവും എന്ന പ്രോജക്ട് ഡി.പി.സി.യുടെ അംഗീകാരം ലഭിച്ച പ്രോജക്ടായതിനാൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരേണ്ടതില്ല എന്നു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 വാഴൂർ ബ്ലോക്ക് പഞ്ചായത്ത് (ബഹു. കാഞ്ഞിരപ്പള്ളി എം.എൽ.എ. ഡോ.എൻ ജയരാജ് മുഖേന)**

തേൻ സമൃദ്ധി-തേനീച്ചക്കൂട് വിതരണം, എന്ന പ്രോജക്ടിന് ഡി.പി.സി. അംഗീകാരം ലഭിച്ചിട്ടുള്ളതിനാൽ സുതാര്യമായും മത്സര സ്വഭാവമുള്ളതുമായ ടെണ്ടർ ക്ഷണിച്ചും നടപ്പാക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു. ജീവദായിനി - രക്ത ഗ്രൂപ്പിന് വെബ്സൈറ്റ് ഡി.പി.സി.യുടെ അംഗീകാരം ലഭിച്ച പ്രോജക്ടായതിനാൽ കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരേണ്ടതില്ല എന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 7 ഫിഷറീസ് ഡയറക്ടറുടെ കത്ത്**

മത്സ്യബന്ധന മേഖലയിലെ സബ്സിഡി സംബന്ധിച്ച് സമർപ്പിച്ച നിർദ്ദേശങ്ങൾ മാർഗേരേഖ പരിഷ്ക്കരണവേളയിൽ പരിഗണിക്കാൻ കിലയോട് നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3. 8 പത്തനംതിട്ട ജില്ലാ പഞ്ചായത്ത്**

നന്നായി പ്രവർത്തിക്കുന്ന ഇ-ടോയ്ലറ്റുകളുടെ വാർഷിക മെയിന്റനൻസ് ചെലവുകൾ ജില്ലാ പഞ്ചായത്തിന്റെ ഫണ്ടിൽ നിന്നു വിനിയോഗിക്കാൻ അനുവദിച്ചു തീരുമാനിച്ചു. ഇ-ടോയ്ലറ്റുകൾ മാറ്റി സ്ഥാപിക്കുകയോ പരിപാലിക്കുകയോ ചെയ്യുന്നതിനുള്ള ഉത്തരവാദിത്തം ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കുന്നതിന് ഗ്രാമപഞ്ചായത്തുകളെയും ജില്ലാ പഞ്ചായത്തിന് തനത് ഫണ്ട് ഉണ്ടെങ്കിൽ അത് ഉപയോഗിച്ച് നടത്തുന്നതിന് ജില്ലാ പഞ്ചായത്തിനെയും അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 കേരള സ്റ്റേറ്റ് കോപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ എം.ഡി.യുടെ കത്ത്**

റബർ മാർക്ക് ജൈവ ഗോൾഡ് വളം വിൽപന കുടുംബശ്രീ യൂണിറ്റുകൾ മുഖേന നടത്തുന്നതിന് അനുമതി നൽകണമെന്ന ആവശ്യം വകുപ്പുതലത്തിൽ പരിശോധിച്ച് തീരുമാനിക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 കില ഡയറക്ടറുടെ കത്ത്**

ഗ്രാമകേന്ദ്രം/സേവാഗ്രാം സംബന്ധിച്ച് 06.02.2015-ൽ പുറപ്പെടുവിച്ച സർക്കുലറിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് സംസ്ഥാന പ്ലാനിംഗ് ബോർഡ് മെമ്പർ ശ്രീ.സി.പി.ജോൺ, സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, ഡോ.സുരേഷ് എന്നിവരുടെ ഒരു യോഗം തിരുവനന്തപുരത്ത് വിളിച്ചു ചേർക്കുന്നതിന് കില ഡയറക്ടറെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 NRHM പദ്ധതിയിലെആയുർവേദ യുനാനി, സിദ്ധ, ഹോമിയോ ഡിസ്പെൻസറികളിലെ ഫാർമസിസ്റ്റ്, അറ്റൻഡർ, പാർട്ട് ടൈം സ്വീപ്പർ തസ്തികകളിലിലെ താൽക്കാലിക ജീവനക്കാരുടെ വേതനം)**

താൽക്കാലിക ജീവനക്കാരുടെ വേതനം പഞ്ചായത്ത് ഫണ്ടിൽ നിന്ന് വിതരണം ചെയ്യാനുള്ള നിർദ്ദേശം അടുത്ത യോഗത്തിൽ ചർച്ച ചെയ്യാനായി മാറ്റി വച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 കൊച്ചി കോർപ്പറേഷൻ**

ഡി.എസ്.ആർ. നിരക്ക് നിലവിൽ വന്നതുമൂലം കോസ്റ്റ് ഇൻഡക്സിൽ വന്ന നിരക്ക് വ്യത്യാസം തനത് ഫണ്ടിൽ നിന്ന് വിനിയോഗിക്കാൻ അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 കളമശ്ശേരി മുനിസിപ്പാലിറ്റി**

സിംഗിൾ ടെണ്ടർ ലഭിക്കുന്ന സാഹചര്യങ്ങളിൽ റീടെണ്ടർ ചെയ്യണമെന്ന നിർദ്ദേശം ഒഴിവാക്കാൻ കഴിയുകയില്ല എന്ന് യോഗം തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം ഉച്ചയ്ക്ക്ശേഷം 5 മണിക്ക് അവസാനിച്ചു.)

**അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗം 15.07.2015-ന് ഉച്ചകഴിഞ്ഞ് 2.30 മണിക്ക് ബഹു. പഞ്ചായത്ത് വകുപ്പു മന്ത്രിയുടെ അസംബ്ലി ചേംബറിൽ കൂടുന്നതാണ്.**